**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 286** | **27-06-2024 - ൽ മറുപടിയ്ക്ക്**

**അന്താരാഷ്ട്ര കായിക ഉച്ചകോടിയും കായികമേഖലയുടെ മുന്നേറ്റവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. പി.പി. സുമോദ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ കായിക മികവും സാധ്യതകളും അവതരിപ്പിക്കുന്നതിനും മികച്ച ലോക കായിക മാതൃകകൾ പകർത്തുന്നതിനും സംസ്ഥാനത്തിന്റെ കായിക മേഖലയുടെ മുന്നേറ്റം എന്ന ലക്ഷ്യം നേടുന്നതിനും അന്താരാഷ്ട്ര കായിക ഉച്ചകോടി എത്രത്തോളം സഹായകമായിട്ടുണ്ട്; വിശദമാക്കാമോ; | (എ) | കായിക രംഗത്ത് ആഗോള പങ്കാളിത്തവും നിക്ഷേപവും ലക്ഷ്യമിട്ട്, കേരളത്തിലെ കായികലോകത്തിന് പുത്തനുണർവും ദിശാബോധവും നൽകി കൊണ്ട് 2024 ജനുവരി 23 മുതൽ 26 വരെ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര കായിക ഉച്ചകോടി സംഘടിപ്പിച്ചു. ഇന്ത്യയിൽ തന്നെ ആദ്യമായി ഒരു സംസ്ഥാനം സംഘടിപ്പിക്കുന്ന കായിക ഉച്ചകോടിയിൽ കായിക സാമ്പത്തിക വ്യവസ്ഥയിലൂന്നിയുള്ള നിരവധി സെഷനുകൾ സംഘടിപ്പിച്ചു. കേരളം വിഭാവനം ചെയ്യുന്ന കായിക സമ്പദ് വ്യവസ്ഥയ്ക്ക് വലിയ ഊർജ്ജം പകരുന്നതിനായി 27 പദ്ധതികളിലായി 5025 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് ഉച്ചകോടിയിൽ ലഭ്യമായത്. അടിസ്ഥാന സൗകര്യ വികസനം, കായിക പരിശീലനം, ഇ-സ്പോർട്സ്, സ്പോർട്സ് ലീഗ്, കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം, സാഹസിക കായിക വിനോദം/മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിൽ നിന്നുള്ള പദ്ധതികളാണ് സമ്മിറ്റിൽ അവതരിപ്പിക്കപ്പെട്ടത്.<br>അടിസ്ഥാന സൗകര്യ വികസന മേഖലയിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനോടൊപ്പം തന്നെ നൂതനമായ ഫിറ്റ്നസ് സെന്ററുകൾ സ്ഥാപിക്കുന്നതിനും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്.<br><br>ഫുട്ബോൾ പ്രതിഭകളെ കണ്ടെത്താനും പരിശീലനം നല്കുവാനും ഖേലോ ഇന്ത്യ ഫുട്ബോൾ മുഖേന 14 ജില്ലകളിൽ സെലക്ഷൻ നടത്തുവാനും RBS-മായി ചേർന്ന് റയൽ മാഡ്രിഡ് ഫൗണ്ടേഷനുമായി സഹകരിച്ച് കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട 150 പരിശീലകർക്ക് പരിശീലനം നല്കാനായി 'Train the Trainers' പ്രോഗ്രാം തുടങ്ങുവാനും ചർച്ചകൾ |

പുരോഗമിക്കുന്നു. ഒപ്പം കുട്ടികളുടെ വേൾഡ് കപ്പ് കളിക്കാൻ സ്പോർട്സ് സ്കൂളിലെ കുട്ടികളെ കൊണ്ടുപോകാനുള്ള ചർച്ച പരോഗമിക്കുകയാണ്. KCA, KFA എന്നിവർ മുന്നോട്ടുവച്ച പദ്ധതികൾ സംബന്ധിച്ച് പരിശോധനകൾ പുരോഗമിക്കുകയാണ്. GCDA-യുമായി ചേർന്ന് കൊച്ചിയിലെ അവരുടെ കീഴിലുള്ള സ്ഥലങ്ങളിൽ കായിക അടിസ്ഥാന സൗകര്യങ്ങൾ നടപ്പാക്കാനുള്ള ചർച്ചകൾ പുരോഗമിക്കുന്നു. NBF ഫിറ്റ്നസ് അക്കാഡമി വഴി കേരളത്തിലെ പഞ്ചായത്തുകളിലും കോളേജുകളിലും ഫിറ്റ്നസ് സ്ക്വാഡുകൾ സ്ഥാപിക്കാനുള്ള ചർച്ചകൾ പുരോഗമിക്കുന്നു. ഒപ്പം 10 ഇടങ്ങളിൽ പൈലറ്റ് സ്റ്റഡി നടത്താൻ തീരുമാനിച്ചു.

ലെജൻസ് ഫൗണ്ടേഷനുമായി ചേർന്ന് കേരളത്തിൽ 3 ബാസ്കറ്റ്ബോൾ ഉന്നത പരിശീലന കേന്ദ്രങ്ങൾ തുടങ്ങാൻ ചർച്ചകൾ പുരോഗമിക്കുന്നു. സോഷ്യൽ ക്ലബ്ബുകളുമായി ചേർന്ന് 140 നിയോജക മണ്ഡലങ്ങളിൽ ഒരു സ്കൂളിൽ വീതം ഹെൽത്തി കിഡ്സ് പദ്ധതി തുടങ്ങാൻ നടപടികൾ പുരോഗമിക്കുന്നു. Decathlon-മായി ചേർന്ന്, സംസ്ഥാനത്തെ 70 സ്കൂളുകളിൽ കായികോപകരണങ്ങൾ വിതരണം ചെയ്യാൻ ധാരണയാവുന്നു.

ഇ-സ്പോർട്സ് മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം, പരിശീലനം, മത്സരം എന്നിവയ്ക്കായി വിവിധ ഏജൻസികൾ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിക്കുകയും നടപ്പ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. കായിക താരങ്ങൾക്ക് കൂടുതൽ അവസരം നൽകുന്നതിനും വാണിജ്യവൽക്കരിക്കുന്നതിനുമായി വിവിധ ലീഗുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കേരള ഫുട്ബോൾ അസോസിയേഷൻ സമ്മിറ്റിൽ കേരള സൂപ്പർ ലീഗ് പ്രഖ്യാപിച്ചിട്ടുണ്ട്. കോളേജ് സ്പോർട്സ് വാണിജ്യവൽക്കരിക്കുക എന്ന ആശയത്തോടെ രൂപം കൊടുത്ത കോളേജ് സ്പോർട്സ് ലീഗ് ഉന്നതവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സാഹസിക കായിക വിനോദം/ മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിലും കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിനുമായി ലഭിച്ച പ്രൊപ്പോസലുകൾ നടപ്പിലാക്കുന്നതിന് വിവിധ ഏജൻസികളുമായി ചർച്ചകൾ നടത്തി വരുന്നു.

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് കായിക സമ്പദ് വ്യവസ്ഥ രൂപപ്പെടുത്തുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും കായിക മികവ് വീണ്ടെടുക്കുന്നതിനും ഉച്ചകോടിയിൽ അവതരിപ്പിക്കപ്പെട്ട പദ്ധതികൾ സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | പ്രസ്തുത അന്താരാഷ്ട്ര കായിക ഉച്ചകോടിയിൽ ഏതൊക്കെ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളാണ് പങ്കെടുത്തത് എന്നറിയിക്കാമോ; | (ബി) | അന്താരാഷ്ട്ര കായിക ഉച്ചകോടിയിൽ സ്പെയിൻ, ഇറ്റലി, ബ്രിട്ടൺ, ജപ്പാൻ, സ്വീഡൻ, തുർക്കി, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളാണ് പങ്കെടുത്തത്. |
| (സി) | പ്രസ്തുത ഉച്ചകോടിയിൽ കായിക വികസനത്തിനു വേണ്ട നിക്ഷേപത്തിന് ധാരണയുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | അടിസ്ഥാന സൗകര്യ വികസനം, കായിക പരിശീലനം, ഇസ്പോർട്സ്, സ്പോർട്സ് ലീഗ്, കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം, സാഹസിക കായിക വിനോദം/ മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിൽ നിന്നുള്ള പദ്ധതികളിലായി 5025 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങൾ ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ